**പതിനാലാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4909

23.03.2018 ലെ മറുപടിയ്ക്ക്

## പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്ക് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

| ചോദ്യം<br>ഡോ.എൻ. ജയരാജ് | | ഉത്തരം<br>ശ്രീ. എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | പട്ടികജാതി വിഭാഗത്തിലെ കുട്ടികൾക്കായുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡം എന്തെന്ന് വ്യക്തമാ ക്കാമോ; എത്ര വിസ്തൃതി സ്ഥലം ഇതിനായി ആവശ്യമാണെന്ന് വ്യക്തമാക്കാമോ; | (എ) | പോസ്റ്റ് മെട്രിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്ഥാപനത്തിന്റെ ഹോസ്റ്റലുകളിൽ താമസ സൗകര്യം ലഭിക്കാതിരുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്ക ന്നതിലേക്കായാണ് പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ സ്ഥാപിച്ചു വരുന്നത്. 8 കി.മീറ്ററിലധികം ദൂരത്ത് നിന്ന് വിദ്യാലയങ്ങളിലേക്ക് വരു ന്നവരായിരിക്കണം വിദ്യാർത്ഥികൾ. കുറഞ്ഞത് 30 കുട്ടികളും പരമാവധി 120 കുട്ടികൾക്കും താമസിച്ചു പഠനം നടത്തുന്നതിന് ആവശ്യമായ സൗകര്യങ്ങളോടു കൂടിയ കെട്ടിടങ്ങളാണ് പോസ്റ്റ് മെട്രിക് ഹോസ്റ്റലിന് വേണ്ടി നിർമ്മിക്കുന്നത്. കെട്ടിടം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലമാണെന്ന് PWD സാക്ഷ്യപ്പെടുത്തി ലഭിക്കുന്ന മുറയ്ക്ക് വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ എണ്ണം, പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം, ഗതാഗതസൗകര്യം, ജലലഭ്യത മുതലായവ കണക്കിലെടുത്താണ് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി ഉത്തരവ് ലഭ്യമാക്കുന്നത്. സ്ഥല വിസ്തൃതി സംബന്ധിച്ച് പ്രത്യേക ഉത്തരവ് നിലവിലില്ല എന്നാൽ സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിന് കുറഞ്ഞത് 50 സെന്റ് സ്ഥലം ആവശ്യമാണ്. PWD, മറ്റ് സർക്കാർ ഏജൻസികൾ തയ്യാറാക്കുന്ന എസ്റ്റിമേറ്റ് പ്രകാരമാണ് കെട്ടിടങ്ങൾ നിർമ്മിക്കുന്നത്. |
| (ബി) | പോസ്റ്റ് മെട്രിക് ഹോസ്റ്റലിലെ കുട്ടികളുടെ എണ്ണം സംബന്ധിച്ച നിബന്ധനകൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ;എത്ര കിലോമീറ്റർ ദൂരപരിധിയിൽ നിന്നുള്ള വിദ്യാർത്ഥികളെ പ്രവേശനത്തിനായി പരിഗണിക്കുമെന്ന് വ്യക്തമാക്കാമോ; | (ബി) | ഹോസ്റ്റൽ കെട്ടിടത്തിന്റെ സ്ഥലസൗകര്യം അനുസരിച്ച് 30 മുതൽ 120 വരെ വിദ്യാർത്ഥികൾക്ക് ഹോസ്റ്റലുകളിൽ പ്രവേശനം അനുവദിച്ചു വരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ വിദ്യാർത്ഥികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം അനുവദിച്ചു വരുന്നത്. 68% സീറ്റുകൾ പട്ടികജാതിക്കാർക്കും 17% സീറ്റുകൾ പട്ടികവർഗ്ഗക്കാർക്കും 5% ഒ.ബി.സി. |

| | | | |
|---|---|---|---|
| | | | വിഭാഗത്തിനും 10% മറ്റ വിഭാഗക്കാർക്കമാണ്. 8 കി. മീറ്ററിൽ കൂടുതൽ ദൂരപരിധിയിലുള്ള വിദ്യാർത്ഥികൾക്കാണ് പോസ്റ്റ് മെട്രിക് ഹോസ്റ്റലിൽ പ്രവേശനം അനുവദിക്കുന്നത്. |
| (സി) | ആവശ്യമായ സ്ഥലം ലഭ്യമാണെങ്കിൽ പോസ്റ്റ് മെട്രിക് ഹോസ്റ്റൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (സി) | സ്ഥല ലഭ്യത, ഗതാഗത സൗകര്യം, ജലലഭ്യത, ഹോസ്റ്റൽ സൌകര്യം ലഭ്യമല്ലാത്ത പട്ടികജാതി വിദ്യാർത്ഥികളുടെ എണ്ണം എന്നിവ ഉറപ്പാക്കിയതിനു ശേഷം ആവശ്യകത അനുസരിച്ച് പോസ്റ്റ് മെട്രിക് ഹോസ്റ്റൽ കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**